(ബി) പട്ടികജാതി/പട്ടിക വർഗ്ഗ കോളനികൾ കേന്ദ്രമാക്കി റേഷൻ കടകൾ അനുവദിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതിക്കാർ - 181 എണ്ണം

പട്ടികവർഗ്ഗക്കാർ - 20 എണ്ണം

(ബി) പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രമായി റേഷൻ കടകൾ അനുവദിക്കുന്നതിന്, സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി, പ്രത്യേക പരിഗണന നൽകിവരുന്നുണ്ട്.

മാവേലി സ്റ്റോറിലൂടെ ലഭിക്കുന്ന സാധനങ്ങളുടെ വില നിയന്ത്രണം

116 (857)ശ്രീ. എ. കണാരൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എ. അലി ഹസ്സൻ :

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മാവേലി സ്റ്റോറുകളിൽക്കൂടി ഇപ്പോൾ ഏതെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യുന്നത്; കൂടുതൽ സാധനങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പൊതു വിപണിയിൽ അരിയുടേയും മറ്റ് അവശ്യ സാധനങ്ങളുടേയും വില നിയന്ത്രിക്കാൻ സിവിൾ സപ്ലൈസ് കോർപ്പറേഷന്റെ വിപണിഇടപെടൽ പദ്ധതിമൂലം കഴിഞ്ഞിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പദ്ധതിയുടെ ഫലമായി പൊതു വിപണിയിലെ നിത്യോപയോഗ സാധനങ്ങളുടെ വില എത്ര ശതമാനം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ)&(ബി) നിലവിൽ മാവേലി സ്റ്റോറുകളില്ലാത്ത 126 പഞ്ചായത്തുകളിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒന്നു വീതം മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ 101 എണ്ണം തുറന്ന് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. ബാക്കിയും ഉടനേ തുറന്ന് പ്രവർത്തനമാരംഭിക്കും. പൊതുവിതരണ സമ്പ്രദായം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ മാവേലി സ്റ്റോറുകളില്ലാത്ത ബാക്കി പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) അരി, പഞ്ചസാര, തേയില, പയർ വർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, കോഫി, സോപ്പ്, ടൂത്ത് പേസ്റ്റ്, ശിശുപോഷകാഹാരങ്ങൾ, കറി പൗഡ

LIBRARY ARCHIVES Kerala Legislative Assembly

റുകൾ മുതലായവ മാവേലി സ്റ്റോറുകളിലൂടെ ഇപ്പോൾ വിതരണം ചെയ്യു ന്നുണ്ട്. ഉപഭോക്താക്കൾക്ക് ആവശ്യമുള്ള മിക്കവാറും എല്ലാ അവശ്യസാധന ങ്ങളും നിത്യോപയോഗ സാധനങ്ങളും മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്തു വരുന്നു. കൂടുതൽ സാധനങ്ങൾ വിതരണം ചെയ്തു വരുന്നു. കൂടു തൽ സാധനങ്ങൾ വിതരണം ചെയ്യാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

എല്ലാ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ

117(858)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അവശേഷിക്കുന്ന പഞ്ചായത്തുകളിൽകൂടി 2001 മാർച്ച് മാസത്തോടുകൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) മാവേലി സ്റ്റോറുകളിലൂടെ കൂടുതൽ അവശ്യസാധനങ്ങൾ വിത രണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഇ) മാവേലി സ്റ്റോറിന്റെ നടത്തിപ്പിന് പഞ്ചായത്ത് തലത്തിൽ ജന കീയ കമ്മിറ്റി രൂപീകരിക്കുമോ?

ഉത്തരം

(എ) മാവേലി സ്റ്റോറുകളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും അവ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രാരംഭഘട്ടമായി മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത 126 പഞ്ചായത്തുകളിൽ നിയോജകമണ്ഡലാടി സ്ഥാനത്തിൽ ഒന്നുവീതം തുടങ്ങുവാനുള്ള തീരുമാനത്തിന്റെ അടിസ്ഥാ നത്തിൽ നടപടിയെടുത്തു വരുന്നു.

(ബി) 629 പഞ്ചായത്തുകളിൽ ഇപ്പോൾ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) അവശേഷിക്കുന്ന 361 പഞ്ചായത്തുകളിൽ 12 എണ്ണത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി. മറ്റ് 12 പഞ്ചായത്തുകളിൽ അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്. ബാക്കി യുള്ള 337 പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ രണ്ടാംഘട്ട പദ്ധതി യിൽപ്പെടുത്തി പൂർത്തിയാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) മാവേലി സ്റ്റോറുകളിലൂടെ ഇപ്പോൾ തന്നെ എല്ലാ ആവശ്യസാ ധനങ്ങളും വിതരണം നടത്തുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly